കേന്ദ്ര ഗവൺമെന്റ് നമ്മുടെ സ്കീമുകൾക്ക് അപ്രൂവൽ തരാതിരിക്കുന്നത്. ഇത് വരാതിരിക്കുന്നതിനുവേണ്ടി നമ്മുടെ ഡിപ്പാർട്ടുമെന്റിന്റെ ഉദ്യോഗസ്ഥത ലത്തിലുള്ള കാര്യക്ഷമത കുറച്ചുകൂടി ശുഷ്ക്കാന്തിയോടു കൂടി പ്രവർത്തിപ്പിക്കാൻ തയ്യാറാകുമോ? ഒരു ഉദാഹരണം; രണ്ട് മാസമായി സ്ഥിരമായി പട്ടികജാതി പട്ടികവർഗ്ഗ ഡയറക്ടർ ഇല്ല. ഇതുവരെ ആളെ നിയമിച്ചിട്ടില്ല. ഇതുപോലുള്ള കുറവുകൾ പരിഗണിക്കാതിരിക്കുന്നത് കൊണ്ടാണ് യഥാസമയം സ്കീം കുറ്റമറ്റതാക്കി തീർക്കാൻ കഴിയാത്ത അവസ്ഥ വരുന്നത്. ഇത്തരം കാര്യങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ അക്കാര്യം പരിഗണിക്കുമോ ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, കേന്ദ്ര ഗവൺമെന്റ് അനുവദിക്കുന്ന വിദ്യാഭ്യാസകാര്യങ്ങൾക്കായുള്ള ഒറ്റ പൈസപോലും ഇവിടെ ലാപ്സ് ആകുകയോ പദ്ധതി നടപ്പിലാക്കാതെയോ ഇരിക്കുന്നില്ല. അവർ തരുന്നതിനേക്കാൾ കൂടുതൽ സംഖ്യയാണ് ഇന്ന് നമ്മൾ ചെലവഴിച്ചുകൊണ്ടിരിക്കുന്നത്. അതുപോലെതന്നെ പട്ടികജാതി പട്ടികവികസന വകുപ്പ് ഡയറക്ടർ ലീവിലായിരുന്നു. പുതിയ ആളെ വച്ചിട്ടുണ്ട്.

യുവജനനയം ആവിഷ്ക്കരിക്കേണ്ടതിന്റെ ആവശ്യകത

3 (*182) ശ്രീ. വി. കെ. ചന്ദ്രൻ:
ശ്രീ. എം. വി. ജയരാജൻ:
ശ്രീ. എം. നാരായണൻ (കുഴൽമന്ദം):
ശ്രീ. രാജു എബ്രഹാം:
ശ്രീ. പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക - പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യുവജനനയം ആവിഷ്ക്കരിക്കേണ്ടതുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ;

(ബി) എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ യുവജനനയം ആവിഷ്ക്കരിക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചുവോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) യുവജനനയം രൂപീകരിക്കുന്നതിന്റെ ഭാഗമായി സർക്കാർ സംസ്ഥാനത്തെ യുവജനസംഘടനകളുടെ അഭിപ്രായം ആരായുകയുണ്ടായോ;

(ഡി) എങ്കിൽ ഇക്കാര്യത്തിൽ യുവജന സംഘങ്ങൾ എന്തെല്ലാം നിർദ്ദേശങ്ങളാണ് മുന്നോട്ടുവച്ചിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഇ) യുവജനനയം ആവിഷ്ക്കരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് ഏതൊക്കെ യുവജനസംഘടനകളുടെ അഭിപ്രായമാണ് ആരാഞ്ഞിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) യുവജനസംഘടനകളുടെ അഭിപ്രായം ക്രോഡീകരിച്ചു കൊണ്ടുള്ള യുവജനനയം പ്രഖ്യാപിക്കുമോ ?

പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : സർ,

(എ) ഉണ്ട്

(ബി) സ്വീകരിച്ചു. ദേശീയ യുവജനനയത്തിനനുസൃതമായി സംസ്ഥാനത്തും യുവജനനയം രൂപപ്പെടുത്തുന്നതിനും കേരളത്തിൽ നിലവിലുള്ള യുവജനക്ഷേമ പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനും യുവജനങ്ങൾക്ക് സ്വയം തൊഴിൽ പരിശീലനപദ്ധതികളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനുമായി വിവിധ രാഷ്ട്രീയ-സാംസ്ക്കാരിക-യുവജനസംഘടനകളുടെ പ്രതിനിധികളെ പങ്കെടുപ്പിച്ച് 17-10-1998, 18-10-1998 എന്നീ തീയതികളിൽ എറണാകുളത്ത് വെച്ചും 24-10-1998, 25-10-1998 എന്നീ തീയതികളിൽ കോഴിക്കോട് വെച്ചും രണ്ട് ശിൽപ്പശാലകൾ സംഘടിപ്പിച്ച് ചർച്ച ചെയ്യുകയുണ്ടായി. ഈ ചർച്ചയിൽ ഉരുത്തിരിഞ്ഞ തീരുമാനത്തിന്റെ വെളിച്ചത്തിൽ യുവജനനയത്തിന്റെ കരട് രേഖ തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ ഇന്ന് നടപ്പിലാക്കിവരുന്ന യുവജനക്ഷേമ പ്രവർത്തനങ്ങൾ വിലയിരുത്തി അതിൽ വരുത്തേണ്ട മാറ്റങ്ങൾ ശുപാർശ ചെയ്യുന്നതിനായി ആറ് എം.എൽ.എ. മാർ ഉൾപ്പെടെ ഒരു പതിനഞ്ചംഗ വിദഗ്ധ സമിതിയെ നിയമിച്ചു. ഈ സമിതി കർണ്ണാടകം, ആന്ധ്രാപ്രദേശ്, പശ്ചിമബംഗാൾ, ഡൽഹി എന്നീ സംസ്ഥാനങ്ങൾ സന്ദർശിച്ച് അവിടങ്ങളിലെ യുവജനക്ഷേമ പ്രവർത്തനങ്ങളെക്കുറിച്ച് പഠനം നടത്തുകയും, കൂടാതെ സംസ്ഥാന വകുപ്പുതലവൻമാരുമായും മറ്റ് സംസ്ഥാനങ്ങളിലേയും കേന്ദ്ര സർക്കാരിലേയും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുമായും ചർച്ചകൾ നടത്തുകയും ചെയ്തിട്ടുണ്ട്. സമിതി, അതിന്റെ ശുപാർശകൾ അടങ്ങുന്ന റിപ്പോർട്ട് ഉടൻതന്നെ സമർപ്പിക്കുന്നതാണെന്ന് പ്രതീക്ഷിക്കുന്നു.

(സി) ഉണ്ട്.

(ഡി) യുവജനങ്ങളുടെ വിവിധ പ്രശ്നങ്ങളെ മുന്നിൽ കണ്ടുകൊണ്ട് ഇവ പരിഹരിക്കുന്നതിനായിട്ടുള്ള പ്രത്യേക പരിപാടികൾ യുവജനക്ഷേമ വകുപ്പ് മുഖേന നടപ്പിലാക്കണമെന്ന പൊതുവായ നിർദ്ദേശമാണ് മുന്നോട്ട് വച്ചിരിക്കുന്നത്.

(ഇ) രാഷ്ട്രീയ യുവജനസംഘടനകളായ യൂത്ത് കോൺഗ്രസ്, ഡി.വൈ.എഫ്.ഐ., എ.ഐ.വൈ.എഫ്., യൂത്ത് ഫ്രണ്ട്, നാഷണൽ യൂത്ത് ലീഗ്, യൂത്ത് ഫ്രണ്ട് (ബി), യൂത്ത് ഫ്രണ്ട് (എം), യൂത്ത് ഫ്രണ്ട് (ജെ), എസ്.ആർ.വൈ.എഫ്, ബി.ജെ.വൈ.എം., ജെ.വൈ.എസ്., എസ്.വൈ.എഫ്., ആർ.വൈ.എഫ്., യുവജനതാദൾ കൂടാതെ സാമൂഹ്യ സാംസ്കാരിക സംഘടനാ പ്രതിനിധികൾ.

(എഫ്) ഉടൻ തന്നെ പ്രഖ്യാപിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കെ. ചന്ദ്രൻ : സർ, വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കി വരുന്ന യുവജനക്ഷേമ പ്രവർത്തനങ്ങൾക്ക് യുവജനക്ഷേമ ബോർഡ്, വിലയിരുത്താൻ നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, വിവിധ വകുപ്പുകൾ നടപ്പിലാക്കി വരുന്ന യുവജനക്ഷേമ പ്രവർത്തനങ്ങൾ ക്രോഡീകരിച്ചുകൊണ്ട് യുവജനക്ഷേമ ബോർഡിന്റെ കീഴിൽ പ്രവർത്തിക്കണമെന്നാണ് ഇപ്പോൾ ചർച്ച ചെയ്ത് വരുന്നത്.

ശ്രീ. വി. കെ. ചന്ദ്രൻ : സർ, മുൻ സർക്കാരുകളുടെ കാലത്ത് കേരളത്തിൽ യുവജനനയം രൂപീകരിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചതായി അറിയാമോ ?

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, അങ്ങനെ ഒരു നയം രൂപീകരിക്കുന്നതിനെ സംബന്ധിച്ച് ഇതുവരെ ഒരു സർക്കാരും ചിന്തിച്ചിട്ടില്ല.

ശ്രീ. എം. വി. ജയരാജൻ : സർ, നെഹ്റു യുവക്കേന്ദ്ര വിവിധ പദ്ധതികൾ നമ്മുടെ നാട്ടിൽ നടപ്പിലാക്കുന്നുണ്ട്. നെഹ്റു യുവക്കേന്ദ്ര ആവിഷ്ക്കരിച്ച് നടപ്പാക്കുന്ന പദ്ധതികൾ സംസ്ഥാന സർക്കാരുമായി ആലോചിച്ചിട്ടാണോ നടപ്പിലാക്കുന്നത്; അത് സംബന്ധിച്ച് വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

ശ്രീ. കെ.രാധാകൃഷ്ണൻ : സർ, നെഹ്റു യുവക്കേന്ദ്ര സംസ്ഥാന ഗവൺമെന്റുമായി ആലോചിച്ചിട്ടല്ല അവരുടെ വിവിധ പരിപാടികൾ നടപ്പിലാക്കുന്നത്. കേന്ദ്ര ഗവൺമെന്റ് നേരിട്ട് നെഹ്റു യുവക്കേന്ദ്രയ്ക്ക് പൈസ കൊടുക്കുകയാണ് ചെയ്യുന്നത്. അവർ അവരുടെ സ്കീമുകൾ നടപ്പിലാക്കുന്നു. സംസ്ഥാന ഗവൺമെന്റിന് നേരിട്ട് ഇടപെടാനുള്ള അവസരമില്ല. ഇതിൽ ഇടപ്പെടാനുള്ള അവസരമുണ്ടാക്കണമെന്ന് ആവശ്യം നിരവധി പ്രാവശ്യം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നു. പക്ഷേ കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ചിട്ടില്ല. കേന്ദ്ര ഗവൺമെന്റ് നേരിട്ടുതന്നെയാണ് നെഹ്റു യുവക് കേന്ദ്രയ്ക്ക് പൈസ കൊടുത്തുകൊണ്ടിരിക്കുന്നത്.

ശ്രീ. എം. വി. ജയരാജൻ : സർ, യുവജനക്ഷേമ ബോർഡ് 1985-ൽ രൂപീകരിച്ചതിനുശേഷം യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി എന്തെല്ലാം നടപടികളാണ് ആവിഷ്ക്കരിച്ചതെന്ന് വ്യക്തമാക്കാമോ ?

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ വേണ്ടി യുവജനക്ഷേമ നയത്തിന്റെ ഭാഗമായിട്ട് ഒരു എക്സ്പർട്ട് കമ്മിറ്റിയെ വയ്ക്കുകയും അതിന്റെ പഠനമെല്ലാം കഴിഞ്ഞതിനു ശേഷം അതിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്താനുമുള്ള നടപടികൾ സ്വീകരിക്കാൻ പോകുന്നു.

ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : സർ, നമ്മുടെ സംസ്ഥാനത്ത് കാസർഗോഡ്, വയനാട് എന്നീ ജില്ലകളിൽ എൻ.ആർ.സി. നടപ്പിലാക്കുന്നതിനു

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടി കേന്ദ്രഗവൺമെന്റ് ആലോചിച്ചത് സംസ്ഥാന ഗവൺമെന്റിന്റെ അറിവോടു കൂടിയാണോ ; അത് സംബന്ധിച്ച് യുവജനസംഘടനകളുടെ അഭിപ്രായം ആരായുന്നതിനുവേണ്ടി യോഗം വിളിച്ചിരുന്നോ ; ആ യോഗത്തിൽ എല്ലാ യുവജന സംഘടനകളും പങ്കെടുത്തിരുന്നോയെന്ന് വ്യക്തമാക്കാമോ ?

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, സംസ്ഥാന ഗവൺമെന്റിന്റെ അഭിപ്രായം ആരാഞ്ഞുകൊണ്ടല്ല കേന്ദ്രഗവൺമെന്റ് ഇതുപോലെയുള്ള Voluntary സ്കീമിന് രൂപം നൽകിയത്. യുവജന സംഘടനകൾ മുഴുവൻ തന്നെ അതിനെ എതിർക്കുകയുണ്ടായി. കേരളത്തിലെ ഒട്ടുമിക്ക രാഷ്ട്രീയ പാർട്ടികളുടെ യുവജന സംഘടനകൾ ഒറ്റക്കെട്ടായി ചേർന്നുകൊണ്ട് ഇതിനെതിരായി വലിയ പ്രതിഷേധമുയർത്തിയിരുന്നു. നമ്മുടെ ഈ സഭതന്നെ കേന്ദ്രഗവൺമെന്റിന്റെ നയത്തിനെതിരായി പ്രതിഷേധമുയർത്തിയിട്ടുണ്ട്. യൂവമോർച്ച മാത്രമാണ് അതിൽ പങ്കെടുക്കാത്ത യുവജന സംഘടന.

ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : സർ, മുൻ ഗവൺമെന്റിന്റെ കാലത്ത് യുവജനക്ഷേമ വകുപ്പിന് വകകൊള്ളിച്ച ബഡ്ജറ്റ് പ്രൊവിഷൻ എത്രയായിരുന്നു ; ഈ ഗവൺമെന്റ് വന്നതിനുശേഷം അതിൽ മാറ്റം വരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ?

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, 1995-1996- വരെ ഏകദേശം പത്ത് - മുപ്പത് ലക്ഷം രൂപയായിരുന്നു. ഇപ്പോൾ അത് ഒരു കോടി എൺപത്തിയഞ്ച് ലക്ഷം രൂപയായി ഉയർത്തിയിട്ടുണ്ട്.

ശ്രീ. പിരപ്പൻകോട് മുരളി : സർ, യുവജനങ്ങളുടെ ശാരീരികവും മാനസികവുമായ ആരോഗ്യ സംരക്ഷണത്തിന് എന്തൊക്കെ പരിപാടികളാണ് യുവജനനയത്തിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത്. അതിന്റെ വിശദാംശം വെളിപ്പെടുത്താമോ ?

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, യുവജനനയത്തിൽ ഉൾപ്പടുത്താൻ പോകുന്ന കാര്യങ്ങൾ വിശദമായി ചർച്ച ചെയ്തുവരികയാണ്. യുവജനങ്ങളുടെ കലാപരമായിട്ടുള്ള കഴിവും അതുപോലെതന്നെ കായികമായിട്ടുള്ള കഴിവും വികസിപ്പിക്കാൻ കഴിയുന്ന രീതിയിലുള്ള യുവജനനയം തന്നെയായിരിക്കും നമ്മൾ ആവിഷ്ക്കരിക്കുക.

ശ്രീ. പിരപ്പൻകോട് മുരളി : സർ, പഞ്ചായത്തടിസ്ഥാനത്തിൽ യുവജനങ്ങൾക്കായുള്ള ഹെൽത്ത് ക്ലബുകൾ രൂപീകരിക്കുന്നത് സംബന്ധിച്ച് യുവജനനയം ആവിഷ്ക്കരിക്കുമ്പോൾ ശ്രദ്ധിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, ബഹുമാനപ്പെട്ട മെമ്പറുടെ നിർദ്ദേശം പരിഗണിക്കുന്നതാണ്.

ശ്രീ. സി. എഫ്. തോമസ് : സർ, നമ്മുടെ സംസ്ഥാനത്തെ യുവജനങ്ങളുടെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമാണ് തൊഴിലില്ലായ്മ. ഇന്നത്തെ വലിയ

LIBRARY ARCHIVES Kerala Legislative Assembly

പ്രശ്നമെന്നുള്ള നിലയിൽ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് പ്രത്യേക ഊന്നൽ ഈ നയത്തിൽ കൊടുത്തുകൊണ്ട് ഇത് പരിഹരിക്കാനുള്ള നടപടികൾ ഈ നയത്തിൽ വ്യക്തമാക്കുമോ ?

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, തൊഴിലില്ലായ്മ നമ്മുടെ കേരളത്തിലെ യുവജനങ്ങളെ സംബന്ധിച്ച് വളരെ രൂക്ഷമായ ഒന്നാണ്. എന്നാൽ മറ്റൊരു പ്രശ്നം കൂടിയുണ്ട്. കേരളത്തിൽ തൊഴിലില്ലായ്മ ഒരു ഭാഗത്ത് വർദ്ധിക്കുമ്പോൾ തൊഴിലെടുക്കാനുള്ള ആളുകൾ കുറഞ്ഞുവരുന്നുവെന്നാണ് കണക്കുകൾ കാണിക്കുന്നത്. അടുത്തിടെ ലേബർ കമ്മീഷന്റെ റിപ്പോർട്ടനുസരിച്ച് നാല് ലക്ഷത്തോളം ആളുകളാണ് തമിഴ്നാട്ടിൽ നിന്നും ഇവിടെ വന്ന് പണിയെടുക്കുന്നത്. മാനുവൽ ലേബർ ചെയ്യാനുള്ള യുവജനങ്ങളുടെ താല്പര്യം കുറഞ്ഞുവരുകയാണ്. ഒരുഭാഗത്ത് തൊഴിലില്ലായ്മ വർദ്ധിക്കുകയും മറുഭാഗത്ത് തൊഴിൽ ചെയ്യാൻ ആളില്ലാത്ത സ്ഥിതിയും വരുന്നു. ഇപ്പോൾ ഒരു പുതിയ തൊഴിൽ സംസ്ക്കാരം തന്നെ നമ്മുടെ കേരളത്തിൽ വളർത്തിയെടുക്കാൻ വേണ്ടിയുള്ള സമീപനമാണ് യുവജനക്ഷേമ ബോർഡ് ആവിഷ്ക്കരിക്കാൻ തീരുമാനിച്ചിട്ടുള്ളത്.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : സർ, കേരളത്തിലെ യുവജനങ്ങളിൽ തൊഴിലില്ലായ്മയുൾപ്പെടെയുള്ള പ്രശ്നങ്ങൾ ഒരുതരം അരാജകത്വ അവബോധം ഉണ്ടാക്കിയിരിക്കുകയാണ്. യുവജനങ്ങളിൽ ഒരുതരം അസ്വസ്ഥത പടർന്നു പിടിച്ചിരിക്കുകയാണ്. വിദ്യാഭ്യാസ സംവിധാനത്തിന്റെ ഭാഗമായി, കാർഷിക മേഖലയിലുൾപ്പെടെയുള്ള കാര്യങ്ങളിൽ കാര്യമായി ശ്രദ്ധചെലുത്തുന്നില്ല. തൊഴിലില്ലായ്മയെ സംബന്ധിച്ചും തൊഴിൽ സംബന്ധിച്ചും ചെറുപ്പക്കാരിൽ പുതിയ അവബോധം സൃഷ്ടിക്കുന്നതിന് ഫലപ്രദമായ പ്രവർത്തനം സംഘടിപ്പിക്കുവാൻ, ഒരു പുതിയ തൊഴിൽ സംസ്ക്കാരം നമ്മുടെ കേരളത്തിൽ ഉയർത്തിക്കൊണ്ടുവരാൻ തയ്യാറാകുമോ ?

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, ഒരു പുതിയ തൊഴിൽ സംസ്ക്കാരം നമ്മുടെ കേരളത്തിൽ ഉയർത്തിക്കൊണ്ടുവരാൻ, കൂടുതൽ ഉത്തരവാദിത്വങ്ങളും കടമകളും നിറവേറ്റാൻ നമ്മുടെ യുവാക്കളെ പ്രാപ്തമാക്കുകയെന്നുള്ളതാണ് ഗവൺമെന്റിന്റെ നയം. അതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കും.

ശ്രീ. കെ. എം. മാണി : സർ, കഴിഞ്ഞ വർഷത്തെ ഗവർണറുടെ പ്രസംഗത്തിന്റെ 16-ാമത്തെ പാരഗ്രാഫിൽ നടപ്പുവർഷം ഒരു സമഗ്ര യുവജനനയം നടപ്പിൽ വരുത്തുന്നതാണെന്ന് പറഞ്ഞിട്ടുണ്ട്. ഇത് എന്തുകൊണ്ട് കഴിഞ്ഞ വർഷം നടപ്പിലാക്കാൻ കഴിഞ്ഞില്ല. ഇനിയെങ്കിലും ഇത് ഏത് കാലപരിധിക്കുള്ളിൽ നടപ്പിലാക്കാൻ കഴിയുമെന്ന് പറയാമോ ?

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, കഴിഞ്ഞ വർഷത്തെ ഗവർണ്ണേഴ്സ് അഡ്രസ്സിൽ പറഞ്ഞ കാര്യം ശരിതന്നെയാണ്. അതനുസരിച്ചാണ് യുവജന ക്ഷേമ പ്രവർത്തനങ്ങളെ സംബന്ധിച്ച് നയം രൂപീകരിക്കേണ്ടത് സംബന്ധിച്ച് ഒരു എക്സ്പർട്ട് കമ്മിറ്റിയെ രൂപീകരിച്ചത്. ആ എക്സ്പർട്ട് കമ്മിറ്റിയുടെ

LIBRARY ARCHIVES Kerala Legislative Assembly

റിപ്പോർട്ട് ഇതുവരെ ലഭ്യമായിട്ടില്ല. എത്രയും പെട്ടെന്ന് ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. അത് കിട്ടിക്കഴിഞ്ഞാൽ പെട്ടെന്നുതന്നെ യുവജനനയം പ്രഖ്യാപിക്കുന്നതാണ്.

ശ്രീ. ജോസ് ബേബി : സർ, എക്സ്പർട്ട് കമ്മിറ്റിയുടെ റിപ്പോർട്ട് കിട്ടിയില്ല യെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. എന്നാൽ സംസ്ഥാനത്തെ യുവജനനയവുമായി ബന്ധപ്പെട്ടുകൊണ്ട് യഥാർത്ഥത്തിൽ യുവജനക്ഷേമ പ്രവർത്തനങ്ങൾക്കും തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുമൊക്കെയുള്ള ഏറ്റവും പ്രധാനപ്പെട്ട വിഷയം ഇതിനാവശ്യമായ ഫണ്ടില്ല എന്നതാണ്. സംസ്ഥാന യുവജനക്ഷേമ വകുപ്പ് കേന്ദ്രയുവജനക്ഷേമ മന്ത്രാലയത്തെക്കൊണ്ട് ബഡ്ജറ്റിൽ കൂടുതൽ ഫണ്ട് അനുവദിപ്പിക്കുവാൻ നടപടി സ്വീകരിക്കണം. അതിനാവശ്യമായ ഫണ്ട് കിട്ടാനുള്ള സമ്മർദ്ദം ചെലുത്തിയെങ്കിൽ മാത്രമേ യുവജനനയവും അതു മായി ബന്ധപ്പെട്ട തൊഴിലില്ലായ്മയും പരിഹരിക്കാൻ കഴിയുകയുള്ളൂ. അക്കാര്യത്തിനാവശ്യമായ നടപടികൾ ഗവൺമെന്റ് ഭാഗത്തുനിന്നുണ്ടായെങ്കിൽ മാത്രമേ ഇതിന് പരിഹാരമുണ്ടാകുകയുള്ളൂ എന്ന സത്യം. സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, ഫണ്ടിന്റെ ദൗർലഭ്യം ഇതിനൊരു പ്രശ്നം തന്നെയാണ്. അത് പരിഹരിക്കാനുള്ള നടപടികളെക്കുറിച്ച് തീരുമാനിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം കൂടുതൽ തുക അനുവദിപ്പിക്കാൻ കഴിയുമെന്ന പ്രതീക്ഷയാണുള്ളത്.

ശ്രീ. തമ്പാനൂർ രവി : സർ, കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ യുവജന ക്ഷേമത്തിനായി ഒരു കോടി എൺപത്തിയഞ്ച് ലക്ഷം രൂപ മാറ്റിവെച്ചുവെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. ഇത് ഏതെല്ലാം ഇനങ്ങൾക്കാണ് ചെലവഴിച്ചതെന്ന് വ്യക്തമാക്കാമോ ?

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, ആ തുക പൂർണ്ണമായും ചെലവഴിച്ചത് യുവതീയുവാക്കളുടെ കലാകായികശേഷി വളർത്തിയെടുക്കുവാൻ വേണ്ടി നമ്മൾ നടപ്പിലാക്കുന്ന കേരളോൽസവത്തിനുതന്നെയാണ്. അതോടൊപ്പം തന്നെ തൊഴിൽ പരിശീലനങ്ങൾക്കും തൊഴിൽ സാദ്ധ്യതയുണ്ടാക്കുന്ന പദ്ധതികളും നടപ്പിലാക്കുകയുണ്ടായി. അതുപോലെതന്നെ അവരെ കലാസാംസ്ക്കാരിക രംഗത്ത് ഉയർത്തിക്കൊണ്ടുവരാൻ വേണ്ടിയുള്ള ഒട്ടേറെ പദ്ധതികൾ ഒരു കോടി എൺപത്തിയഞ്ച് ലക്ഷം രൂപ ഉപയോഗിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

ശ്രീ. പി. സി. ജോർജ് : സർ, കഴിഞ്ഞ സമ്മേളനത്തിൽ ഇതേ ചോദ്യം ചോദിക്കുകയും അങ്ങ് ഉത്തരം പറയുകയും ചെയ്തു. എക്സ്പർട്ട് കമ്മിറ്റി കൂടുന്നില്ല എന്നൊരു ആരോപണമുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ഉത്തരവാദിത്വ ത്തോടുകൂടി റിസ്ക് എടുത്ത് നയം രൂപീകരിക്കുക എന്ന ലക്ഷ്യത്തോടെ ഉണ്ടാക്കിയ എക്സ്പർട്ട് കമ്മിറ്റിയാണ്. ക്ഷേമ ബോർഡുകളൊക്കെയാണ്. ഈ എക്സ്പർട്ട് കമ്മിറ്റി എത്ര പ്രാവശ്യം കൂടിയിട്ടുണ്ട് ; ഈ കമ്മിറ്റി എന്നത്തേക്ക് റിപ്പോർട്ട് സമർപ്പിക്കും എന്ന് പ്രതീക്ഷിക്കുന്നു; ഈ കമ്മിറ്റിയിലെ എക്സ്പർട്ടായിട്ടുള്ള എം.എൽ.എമാർ ആരൊക്കെയാണെന്ന് വിശദീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, ഈ സഭയിലുള്ള മുഴുവൻ യുവജന എം.എൽ.എമാരും ഉണ്ട്. സർവ്വശ്രീ കെ. സി. വേണുഗോപാൽ, എം. വി.ജയരാജൻ, ജോസ് ബേബി, മോൻസ് ജോസഫ്, എം. നാരായണൻ, ഡോ. എം. കെ. മുനീർ ഈ 6 പേരാണ് ഇതിലുള്ളത്. എത്ര പ്രാവശ്യം ഇവർ യോഗം കൂടി എന്നുള്ളത് വ്യക്തമല്ല.

ശ്രീ. കെ. സി. വേണുഗോപാൽ : സർ, സർക്കാർ യുവജനനയം രൂപീകരിക്കാൻ വേണ്ടി പോകുന്നു എന്ന് പറഞ്ഞു. ശ്രീ. ഗോവിന്ദൻ മാസ്റ്റർ ഇവിടെ സൂചിപ്പിച്ചു നമ്മുടെ സംസ്ഥാനത്ത് ഏറ്റവും രൂക്ഷമായ പ്രശ്നം തൊഴിലില്ലായ്മയാണെന്ന്. ഈ ഗവൺമെന്റിന്റെ കാലത്ത് ബാക്ക് ഡോർ അപ്പോയിൻമെന്റ്സ്, അതായത് പി.എസ്.സി.യേയും, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനേയും മറികടന്നുകൊണ്ട് പിൻവാതിലിലൂടെ നിയമനങ്ങൾ നടത്തുകയാണ്. അതുപോലെ റിട്ടയർ ചെയ്ത ഉദ്യോഗസ്ഥന്മാരെ വീണ്ടും ഡിപ്ലോയ് ചെയ്തുകൊണ്ടിരിക്കുകയാണ്. പെൻഷൻ പ്രായം വർദ്ധിപ്പിക്കാൻ വേണ്ടിയുള്ള സജീവമായ ചർച്ചകൾ നടന്നുകൊണ്ടിരിക്കുന്നു. യുവജനനയം രൂപീകരിക്കുമ്പോൾ സംസ്ഥാനത്തെ ചെറുപ്പക്കാർക്ക് തൊഴിലവസരം ഉണ്ടാക്കാൻ വേണ്ടി പെൻഷൻ പ്രായം വർദ്ധിപ്പിക്കാതിരിക്കാനും റിട്ടയർ ചെയ്ത ആളുകളെ വീണ്ടും നിയമിക്കാതിരിക്കുന്നതിനും പിൻവാതിൽ നിയമനങ്ങൾ ഒഴിവാക്കുന്നതിനുവേണ്ടിയുള്ള നയം ഉണ്ടാക്കാൻ അങ്ങ് മുൻകൈയെടുക്കുമോ ?

ശ്രീ. കെ. രാധാകൃഷ്ണൻ : എക്സ്പർട്ട് കമ്മിറ്റി മെമ്പറാണ് അങ്ങ്. എക്സ്പർട്ട് കമ്മിറ്റി റിപ്പോർട്ട് തരുന്നതനുസരിച്ച് നമുക്ക് നടപടി സ്വീകരിക്കാം.

ശ്രീ. മോൻസ് ജോസഫ് : യുവജനക്ഷേമ പ്രവർത്തനങ്ങൾ ഏറ്റവും കൂടുതൽ ഏറ്റെടുക്കാൻ കഴിയുന്ന സമിതിയാണ് യുവജനക്ഷേമ ബോർഡ്. നിർഭാഗ്യവശാൽ ഈ ക്ഷേമ ബോർഡിലെ വിവിധ തസ്തികകൾ ഇല്ലാതായിക്കൊണ്ടിരിക്കുകയാണ്. ക്ഷേമ ബോർഡുതന്നെ ഇല്ലാതാകുന്ന ഒരു സ്ഥിതിയിലേക്ക് വരുന്നതായിട്ടാണ് മനസ്സിലാകുന്നത്. 'ഏറ്റവും കൂടുതൽ കാര്യങ്ങൾ ചെയ്യാൻ കഴിയുന്ന ഈ സമിതിയെ കൂടുതൽ കാര്യക്ഷമമാക്കാൻ ആവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കുമോ ?

ശ്രീ. കെ. രാധാകൃഷ്ണൻ : അതൊരു വാനിഷിംഗ് ഡിപ്പാർട്ട്മെന്റാണ്. അത് നിലനിർത്താൻ വേണ്ടിയുള്ള നടപടി സ്വീകരിക്കും.

ശ്രീ കെ. പി. രാജേന്ദ്രൻ : സംസ്ഥാന ഗവൺമെന്റുമായോ, യുവജനക്ഷേമ വകുപ്പുമായോ യാതൊരു തരത്തിലും ബന്ധമില്ലാതെ കേന്ദ്രഗവൺമെൻറ് നേരിട്ട് ജില്ലകളിലെ നെഹ്റുയുവക് കേന്ദ്രവുമായി ബന്ധപ്പെട്ടുകൊണ്ട് ഒരുപാട് പ്രവർത്തനങ്ങൾ നടത്തുകയാണ്. അതൊരു ശരിയായ നടപടിയല്ല. പലരും ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. ആ നടപടി മാറ്റിയെടുക്കാൻ സംസ്ഥാന ഗവൺമെന്റ് ആ വിഷയത്തിൽ കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ടിട്ടുണ്ടോ ?

ശ്രീ. കെ. രാധാകൃഷ്ണൻ : നെഹ്റുയുവക് കേന്ദ്രം ആരംഭിച്ച കാലം മുതൽ കേന്ദ്ര ഗവൺമെന്റ് നേരിട്ടാണ് അവരെ നിയന്ത്രിച്ചുകൊണ്ടിരിക്കുന്നത്. സംസ്ഥാന ഗവൺമെന്റ് അവരുടെമേൽ നിയന്ത്രണം വേണമെന്നാവശ്യപ്പെട്ടിട്ടുണ്ട്. ഈ ഗവൺമെന്റ് വന്നതിനുശേഷം രണ്ട് കേന്ദ്ര യുവജനക്ഷേമ മന്ത്രിമാരെക്കണ്ട് റിക്വസ്റ്റ് കൊടുത്തിട്ടുള്ളതാണ്. പക്ഷേ അനുകൂലമായിട്ടുള്ള നിലപാടല്ല കേന്ദ്രഗവൺമെന്റ് സ്വീകരിച്ചത്.

ശ്രീ. പി. വിശ്വൻ : കേരളത്തിൽ യുവജനങ്ങൾ കൂടുതൽ മയക്കുമരുന്നിന് അടിമപ്പെട്ടു കൊണ്ടിരിക്കുകയാണ്. നിഷ്ക്രിയരായിക്കൊണ്ടിരിക്കുന്നു; അരാഷ്ട്രീയവാദികളായിക്കൊണ്ടിരിക്കുന്നു. നെഗറ്റീവ് ചിന്താഗതി ശക്തിപ്പെട്ടു കൊണ്ടിരിക്കുന്നു. അത്തരം ഒരവസ്ഥയിൽ ഇതുകൂടി മാറ്റിയെടുക്കത്തക്ക രൂപത്തിൽ അവരുടെ ബോധ നിലവാരം ഉയർത്തത്തക്ക രൂപത്തിലുള്ള ഒരു യുവജനനയത്തിന് സർക്കാർ നേതൃത്വം കൊടുക്കുമോ ?

ശ്രീ. കെ. രാധാകൃഷ്ണൻ : ഇത് കൂടി യുവജന നയത്തിന്റെ ഭാഗമായിട്ട് നമുക്ക് നടപ്പിലാക്കാവുന്നതാണ്.

ശ്രീ. ജോൺ ഫെർണാണ്ടസ് : നമ്മുടെ ബ്ലോക്കുകളിൽ യൂത്ത് വെൽഫെയർ ഓഫീസേഴ്സ് എന്ന പേരിൽ ചില ആളുകൾ ഉണ്ടായിരുന്നു. ബഹുഭൂരിപക്ഷം ബ്ലോക്കുകളിലും യൂത്ത് വെൽഫെയർ ഓഫീസർമാരുടെ തസ്തിക ഒഴിഞ്ഞു കിടക്കുകയാണ്. എല്ലാ ബ്ലോക്കുകളിലും യൂത്ത് വെൽഫെയർ ഓഫീസർമാരുടെ തസ്തിക ഉണ്ടാക്കുകയും അവരുടെ നേതൃത്വത്തിൽ വിവിധ പഞ്ചായത്തുകളിലുള്ള യുവജനസംഘടന പ്രതിനിധികളേയും യൂത്ത് ക്ലബുകളുടെ പ്രതിനിധികളേയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഓരോ കമ്മിറ്റി രൂപീകരിച്ച് ആ കമ്മിറ്റിയുടെ നേതൃത്വത്തിൽ യുവജനനയത്തെ ആസ്പദമാക്കി പറയുന്ന അല്ലെങ്കിൽ യുവജനക്ഷേമ വകുപ്പ് മുന്നോട്ട് വയ്ക്കുന്ന പരിപാടികൾ നടപ്പിലാക്കാനുള്ള ഒരു പരിശ്രമം ഗവൺമെന്റിന്റെ ഭാഗത്ത് നിന്ന് ഉണ്ടാകുമോ ?

ശ്രീ. കെ. രാധാകൃഷ്ണൻ : ഇപ്പോൾ നിലവിലുള്ള യൂത്ത് വെൽഫെയർ ഓഫീസർമാർ റിട്ടയർ ചെയ്യുന്നതോടുകൂടി ഒരു ഡിപ്പാർട്ട്മെന്റ് ഇല്ലാതാകുന്ന സ്ഥിതിയാണുള്ളത്. അതില്ലാതാകാതിരിക്കാൻ വേണ്ടിയുള്ള നടപടി എന്ന നിലയിൽ എല്ലാ ബ്ലോക്ക് തലത്തിലും യുവജനക്ഷേമ പ്രവർത്തനം ക്രോഡീകരിക്കുന്നതിന് വേണ്ടിയുള്ള ഒരു സംവിധാനം ഉണ്ടാക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിച്ചു വരികയാണ്.

ശ്രീ. ജി. കാർത്തികേയൻ : കേരളത്തിലെ രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ ശക്തികേന്ദ്രം ഒരു കാലഘട്ടത്ത് യുവാക്കളും വിദ്യാർത്ഥികളുമായിരുന്നു. ഗുണകരമായ മാറ്റങ്ങൾക്ക് വേണ്ടിയുള്ള പോരാട്ടങ്ങൾ അനുഭവിച്ചിട്ടുള്ളവരാണ് കേരളത്തിലെ യുവാക്കളും വിദ്യാർത്ഥികളും. ഇന്ന് കേരളത്തിന്റെ രാഷ്ട്രീയ സാമൂഹ്യജീവിതത്തിൽ ഒരു വലിയ ദുരന്തമായി മാറിക്കൊണ്ടിരിക്കുന്ന Communel Organisation -സമുദായങ്ങളും അനുഷ്ഠാനമായ

LIBRARY ARCHIVES Kerala Legislative Assembly

ചിന്താഗതികളുമൊക്കെ നല്ലത് തന്നെ. പക്ഷേ ജാതിയുടെ മേധാവിത്വം ഇന്ന് രാഷ്ട്രീയത്തിലും സാമൂഹ്യജീവിതത്തിലും വളരെ പ്രകടമായി ശക്തമായി കൊണ്ടിരിക്കുകയാണ്. അതിന്റെയെല്ലാം പ്രധാനപ്പെട്ട ശക്തികേന്ദ്രം നമ്മുടെ നാട്ടിലെ യുവാക്കളാണ്. രാഷ്ട്രീയ മേഖലയിലെ മുഖ്യധാരയിൽ നിന്നും വിട്ടുപോയ യുവാക്കളെ മടക്കിക്കൊണ്ടുവരാൻ, ദേശീയ ജീവിതത്തിലെ മുഖ്യധാരയിലേക്ക് കൂട്ടികൊണ്ടുവരാൻ യുവജന നയം പ്രഖ്യാപിക്കുമ്പോൾ പ്രത്യേകമായ എന്തെങ്കിലും നടപടിയുണ്ടോ; യുവാക്കളെ ഒന്ന് മടക്കിക്കൊണ്ടു വരാൻ ഈ ഗവൺമെന്റിന് എന്തെങ്കിലും പദ്ധതികളുണ്ടോ ?

ശ്രീ. കെ. രാധാകൃഷ്ണൻ : ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞത് ഏറ്റവും പ്രസക്തമായിട്ടുള്ള ഒരു കാര്യമാണ്. യുവാക്കളിലും പ്രത്യേകിച്ച് നമ്മുടെ സമൂഹത്തിലെ മറ്റാളുകളിലുമെല്ലാം തന്നെ ജാതിയും മതവും എന്ന ചിന്താഗതി വർദ്ധിച്ച് വരികയാണന്നുള്ള ബഹുമാനപ്പെട്ട മെമ്പറുടെ വാദം ഏറ്റവും പ്രസക്തമാണ്.

മി. സ്പീക്കർ : തെരഞ്ഞെടുപ്പുകളിൽ ഇത് നോക്കാതെ സ്ഥാനാർത്ഥികളെ നിശ്ചയിക്കുന്ന കാര്യം നമുക്ക് ആലോചിക്കാൻ പറ്റുമോ ?

ശ്രീ. കെ. രാധാകൃഷ്ണൻ : ഇതെല്ലാം നമ്മളെല്ലാം തന്നെ അറിഞ്ഞോ അറിയാതെയോ ജാതിമത ചിന്തകൾ പ്രോൽസാഹിപ്പിക്കുന്ന നിലപാട് നമ്മൾ സ്വീകരിക്കാതിരിക്കുക എന്നുള്ളതാണ് ഏറ്റവും അടിസ്ഥാനപരമായിട്ടുള്ള കാര്യം. അതിന് നമ്മൾ കൂട്ടായി നിൽക്കണം.

മി.സ്പീക്കർ: ഓർഡർ, ഓർഡർ. ചോദ്യം 183

ഇലക്ട്രിസിറ്റി സപ്ലൈ ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ലാഭശതമാനം

4 (*183) ശ്രീ. പി. എസ്. സുപാൽ :
ശ്രീ. പി. രാജു :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) :
ശ്രീമതി ആർ. ലതാദേവി :
ശ്രീ. ജോസ് ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇലക്ട്രിസിറ്റി സപ്ലൈ ആക്ട് അനുസരിച്ച് മൊത്തം ആസ്തിയുടെ എത്ര ശതമാനം ലാഭമുണ്ടാക്കണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ സാമ്പത്തിക വർഷം വരുമാനമായി ലക്ഷ്യമിട്ടിരുന്ന തുക എത്രയാണ് ;

(സി) ഇതുവരെ എത്ര രൂപ വരുമാനമുണ്ടായിട്ടുണ്ട് ;

(ഡി) ഈ സാമ്പത്തിക വർഷം നഷ്ടമുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly